**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി ആതിര എം.എസ്.-ന് അസിസ്റ്റന്റ് എൻജിനീയർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു) വകുപ്പ്**

**സ.ഉ.(സാധാ) നം.634/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/03/2019

---

പരാമർശം:- 1 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.12.2018ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

2 ശ്രീമതി ആതിര എം.എസ്.-ന്റെ 03.01.2019 ലെ അപേക്ഷ.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.01.2019 ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.01.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് കോഴിക്കോട് ജില്ലയിലെ അയ്യൻചേരി ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീമതി ആതിര എം.എസ്, ഇപ്പോൾ സതേൺ റയിൽവേയിൽ ജൂനിയർ എൻജിനീയർ ആയി ജോലി നോക്കി വരികയാണെന്നും, 27.12.2018 മുതൽ 6 മാസത്തേക്ക് പ്രസവാവധിയിൽ പ്രവേശിച്ചിരിക്കയാണെന്നും, ഈ സാഹചര്യത്തിൽ പ്രസവാവധി പൂർത്തിയാക്കി സതേൺ റയിൽവേയിൽ തിരികെ പ്രവേശിച്ച ശേഷം വിടുതൽ ചെയ്ത് വന്ന് സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് ഒരു വർഷത്തെ സമയം നീട്ടി നൽകണമെന്നും പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം 3 പ്രകാരം അപേക്ഷകയ്ക്ക് 04.02.2019 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് ടിയാൾ ആവശ്യപ്പെട്ടിരിക്കുന്ന കാലാവധി നീട്ടുന്നതിന് പരാമർശം 4 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി ആതിര എം.എസ്.-ന്റെ അപേക്ഷ കണക്കിലെടുത്ത്, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾക്കു ഇളവുനൽകികൊണ്ട് ടിയാളുടേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് 20.12.2019 വരെ, ഒരു വർഷത്തെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ 21.12.2019 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാളുടെ സീനിയോറിറ്റി KS&SSR ഭാഗം II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സി.എസ്.ശ്രീകല**
**ഡെപ്യൂട്ടി സെക്രട്ടറി**

1. ശ്രീമതി ആതിര എം.എസ്. , മണ്ടകത്തിങ്കൽ ഹൗസ്, കണ്ടനശ്ശേരി പി.ഒ. , തൃശ്ശൂർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ